**23127916**

23127916

Reg. No.................................

Name....................................

# B.A. DEGREE (C.B.C.S.) EXAMINATION, OCTOBER 2023

## Third Semester

Kathakali Maddalam

MD3CRT05—GENERAL INTRODUCTION OF KATHAKALI

(2017 Admission onwards)

Time : Three Hours | Maximum Marks : 80

### Part A

*Answer any* **ten** *short answer type questions* (1–12).
*Each question carries 2 marks.*

1. തോടയം എന്ന ചടങ്ങിന്റെ ഉദ്ദേശമെന്ത് ? തോടയം അവതരിപ്പിക്കുന്നത് എപ്പോഴാണ് ? എങ്ങിനെ ?
2. കോട്ടയത്തു തമ്പുരാന്റെ ആട്ടക്കഥകൾ, മഹാഭാരതത്തിലെ കഥാഗതിയനുസരിച്ച് ക്രമമായി എഴുതുക.
3. നിലപ്പദം എന്നാലെന്ത് ? അതിൽ എത്ര കലാശങ്ങളുണ്ട് ?
4. പുറപ്പാട് ഒന്നാം നോക്കിന്റെ സാഹിത്യമെഴുതി അവതരണ-മേളക്രമം വിവരിക്കുക.
5. മദ്ദളത്തിൽ രാഗം പാടി കലാശം കൊട്ടേണ്ടുന്ന സന്ദർഭങ്ങൾക്ക് രണ്ട് ഉദാഹരണങ്ങളെഴുതുക.
6. കള്ളച്ചൂതിൽ തോറ്റ്, സർവ്വസ്വവും നഷ്ടപ്പെട്ട പാണ്ഡവന്മാരോട് ദുര്യോധനൻ ആവശ്യപ്പെട്ടതെന്ത് ?
7. ചെമ്പട മൂന്നാം കാലത്തിലുള്ള സ്ത്രീവേഷ കലാശത്തിന്റെ വായ്ത്താരി എഴുതുക. ഈ കലാശമുള്ള സന്ദർഭത്തിന് ഒരു ഉദാഹരണമെഴുതുക.
8. ഖരവധം ആട്ടക്കഥയുടെ രചയിതാവാര് ? ആ കഥയിൽ ലളിതവേഷം ധരിച്ചെത്തുന്ന കഥാപാത്രമേത് ? എന്താണ് ലളിതവേഷം ധരിക്കുവാനുണ്ടായ കാരണം ?
9. മദ്ദളത്തിൽ ചോറിടുന്നതെന്തിന് ? ചോറിടുന്നതിന് ഉപയോഗിക്കുന്നതെന്തെല്ലാം ?
10. ദക്ഷയാഗത്തിലെ, 'ശ്രീനീലകണ്ഠാ' എന്നാരംഭിക്കുന്ന പദത്തിന്റെ സന്ദർഭമെഴുതുക.
11. '×' അടി '–' വീച്ച് എന്നീ സംജ്ഞകളുപയോഗിച്ച് ചെമ്പട, ചമ്പ താളങ്ങളുടെ രണ്ടാംകാലം രേഖപ്പെടുത്തുക.
12. ചൂതുകളി രംഗങ്ങൾ ഉള്ള ആട്ടക്കഥകളും സന്ദർഭങ്ങളുമെഴുതുക.

(10 × 2 =20)



**Turn over**

## Part B

*Answer any* **six** *short essay type questions* (13–21).
*Each question carries* 5 *marks.*

13. കേളിയുടെ പതികാലത്തിലെ നിങ്ങൾക്കിഷ്ടമുള്ള ഒരെണ്ണത്തിന്റെ വായ്ത്താരി ഏറ്റിച്ചുരുക്കൽ സഹിതമെഴുതുക.
14. സന്ധ്യകേളി, അരങ്ങു കേളി, മദ്ദള കേളി എന്നിവയെക്കുറിച്ചും അവയുടെ അവതരണ സന്ദർഭ-ഉദ്ദേശങ്ങളെക്കുറിച്ചും വിവരിക്കുക.
15. പഞ്ചവാദ്യ മദ്ദളവാദനത്തിൽ കൃതഹസ്തനായ ശ്രീമാൻ കുനിശ്ശേരി ചന്ദ്രൻ അവർകളെക്കുറിച്ചും അദ്ദേഹത്തിന്റെ മദ്ദള വാദന സവിശേഷതകളെക്കുറിച്ചും വിവരിക്കുക.
16. ലവണാസുര വധത്തിലെ സീതയുടെ, 'ഹന്ത ഹന്ത ഹനുമാനേ' എന്ന പദമെഴുതി, പ്രസ്തുത പദത്തിൽ, കനിവോടെൻ പ്രാണനെ ജനിപ്പിച്ച ജനകൻ നീ, എന്ന് സീത പറയുവാൻ കാരണമെന്തെന്ന് വിവരിക്കുക.
17. പാഠപ്പലയുടെ ആകൃതി വിവരിച്ച്, മദ്ദളത്തിലെ ആദ്യ പാഠങ്ങൾ പാഠപ്പലകയിൽത്തന്നെ കൊട്ടി ശീലിക്കണമെന്ന് ആചാര്യന്മാർ നിഷ്കർഷിക്കുവാൻ കാരണമെന്തെന്ന് വിവരിക്കുക.
18. എന്താണ് വെട്ടത്ത് സമ്പ്രദായം ? വിശദീകരിച്ചെഴുതുക.
19. പരപരിതാപം അകറ്റുകയല്ലോ പൗരവരുടെ കുലധർമ്മം. കുരു മമ വചനം തനയ വൃകോദര കുരുതിലക മഹാത്മൻ–സന്ദർഭം വിവരിച്ച് ആശയം വ്യക്തമാക്കുക.
20. തോടയ സാഹിത്യത്തിലെ 'ജഹ്നുസുതാശ്രിതമൗലേ' മുതൽ 'ദേവി സന്തതം മൂകാംബികേ' വരെയുള്ള സാഹിത്യമെഴുതി മേളക്രമം വിവരിക്കുക.
21. മേളപ്പദത്തിൽ സാധാരണ കൊട്ടി വരാറുള്ള അണകണധിക്ക്ണ ഇക്കിതാക്ക് താതാക്ക്ണ' എന്ന എണ്ണത്തിന്റെ വായ്ത്താരി ഏറ്റിച്ചുരുക്കൽ സഹിതമെഴുതുക.

(6 × 5 = 30)

## Part C

*Answer any* **two** *long essay type questions* (22–25).
*Each question carries* 15 *marks.*

22. കേരളീയ സംഘവാദ്യ കലാരൂപങ്ങളെക്കുറിച്ചും അവയുടെ ഘടനാപരമായുള്ള സവിശേഷത, ജനശ്രദ്ധയാകർഷിക്കുന്ന വാദന സവിശേഷതകൾ, പ്രശസ്തരായ വാദ്യ കലാകാരന്മാർ എന്നീ കാര്യങ്ങൾ വിശദീകരിച്ചെഴുതുക.
23. ഇരയിമ്മൻ തമ്പിയെക്കുറിച്ചും അദ്ദേഹത്തിന്റെ ആട്ടക്കഥകളെക്കുറിച്ചും വിവരിച്ച് ഉത്തരാസ്വയംവരം കഥയിലെ ഭാനുമതി, സൈരന്ധ്രി, ഉത്തര, ഉത്തര പത്നിമാർ എന്നീ കഥാപാത്രങ്ങളുടെ അവതരണ-മേള ക്രമവും പാത്രസ്വഭാവവും വിവരിക്കുക.
24. കോട്ടയം കഥകളെ കഥകളിയുടെ നാല് നെടും തൂണുകൾ എന്നാണ് വിശേഷിപ്പിക്കുക. എന്തുകൊണ്ട് ? കോട്ടയം കഥകളിലെ സാങ്കേതിക ഘടകങ്ങളെ മുൻനിർത്തി മേൽ പറഞ്ഞ വിശേഷണത്തെ സാധൂകരിക്കുക.
25. നവമാധ്യമങ്ങളുടെ സജീവമായ ഇടപെടലുകൾ, ക്ലാസ്സിക്കൽ-ദൃശ്യ കലാരൂപങ്ങളുടെ വളർച്ചയും ജനപ്രിയതയും ഏതൊക്കെ വിധത്തിൽ സഹായകരമാകും ? ഒരു കലാകാരൻ എന്ന നിലയിൽ നിങ്ങളുടെ അഭിപ്രായങ്ങൾ പങ്കു വക്കുക.

(2 × 15 = 30)